**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3837. 17.12.2015 ൽ മറുപടിയ്ക്ക്.**

**വാഹനങ്ങൾക്ക് അധിക നികുതി**

| ചോദ്യം<br>ശ്രീ. റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിൽ നിന്നും കർണ്ണാടകയിലേക്ക് പ്രവേശിക്കുന്ന വാഹനങ്ങൾക്ക് ഇപ്പോൾ എത്ര രൂപയാണ് അധിക നികുതിയായി ഈടാക്കുന്നത് ; കർണ്ണാടകയിൽ നിന്നും കേരളത്തിൽ എത്തുന്ന വാഹനങ്ങൾക്ക് എത്ര രൂപയാണ് അധിക നികുതിയായി ഈടാക്കുന്നത്; | (എ) | കേരളത്തിൽ നിന്നും കർണ്ണാടകയിലേയ്ക്ക് പ്രവേശിക്കുന്ന വിവിധ തരം വാഹനങ്ങൾക്ക് ഇപ്പോൾ കർണ്ണാടക സർക്കാർ ഒരു വർഷത്തെ ടാക്സാണ് ഈടാക്കുന്നത്. കർണ്ണാടകയിൽ നിന്നും കേരളത്തിലേയ്ക്ക് സ്പെഷ്യൽ പെർമിറ്റ് എടുത്ത് വരുന്ന വിവിധ തരം വാഹനങ്ങൾക്ക് 7 ദിവസത്തേയ്ക്ക് അത്തരം വാഹനങ്ങളുടെ കേരളത്തിലെ ത്രൈമാസ നികുതിയുടെ പത്തിൽ ഒന്ന് ഭാഗവും ഒരു മാസത്തേയ്ക്ക് ത്രൈമാസ നികുതിയുടെ മൂന്നിൽ ഒന്ന് ഭാഗവും കേരളത്തിൽ ഈടാക്കുന്നു. |
| (ബി) | കർണ്ണാടകയിലേക്ക് പ്രവേശിക്കുന്ന തിന് അധിക നികുതി ഈടാക്കുന്നതിനാൽ മംഗലാപുരത്തും, മണിപ്പാലിലും , ബംഗളുരുവിലിലും ചികിത്സയ്ക്ക് രോഗികളെയും കൊണ്ട് പോകുന്ന വാഹനങ്ങൾ വലിയ വാടക | (ബി) | 22.09.2014-ൽ കേരള സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രിയും കർണ്ണാടക സംസ്ഥാന ഗതാഗത മന്ത്രിയും വകുപ്പ് മേധാവികളും ഈ വിഷയത്തിൽ ചർച്ച നടത്തിയിരുന്നു. ഓരോ സംസ്ഥാനത്തേയും മോട്ടോർവാഹന നികുതി നിർണ്ണയിക്കുന്ന തിന് അതതു സംസ്ഥാനങ്ങൾക്ക് |

| | | | |
|---|---|---|---|
| | ഈടാക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് നികുതി കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | അധികാരമുണ്ട്. കൂടാതെ കർണ്ണാടക സർക്കാർ തീരുമാനിച്ചിരിക്കുന്ന നികുതി ഘടന കർണ്ണാടക ഹൈക്കോടതി അംഗീകരിക്കുകയുണ്ടായി. കർണ്ണാടക സർക്കാർ നികുതി ഘടനയിൽ മാറ്റം വരുത്തിയാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.